ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

എസിഡി.സി2/112803/18/എച്ച്.എസ്.ഇ തീയതി- 12/07/2018

# സർക്കുലർ

വിഷയം- ഹ.സെ.വി- സി.സി.ടി.വി. ക്യാമറകൾ ക്ലാസ് മുറികളിൽ സ്ഥാപിക്കുന്നത് നിരോധിക്കുന്നത് - സംബന്ധിച്ച്

സൂചന- 1. എസ്.എസ്.വി. എച്ച്.എസ്.എസ്.-ൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട സംഘർഷാവസ്ഥ

2. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 13/09/2017-ലെ HRMP NO.8159/17/IDK നമ്പർ കത്ത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളിൽ ക്യാമറ സ്ഥാപിക്കുന്നതിനെതിരെ പരാമർശം (2) പ്രകാരം ബഹു: മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം നിലവിലുള്ളതാണ്. കുട്ടികളുടെ അന്തസ്സിനെയും സ്വകാര്യതയെയും ഹനിക്കുന്നതരത്തിൽ ക്ലാസ്സ് മുറികളിൽ നിരീക്ഷണ ക്യാമറ ഘടിപ്പിച്ച് അവരെ നിരീക്ഷണത്തിന് വിധേയമാക്കുന്ന രീതി ചില സ്കൂളുകൾ പിൻതുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ ക്ലാസ്സ് മുറികളിൽ ഇപ്രകാരം നിരീക്ഷണ ക്യാമറകൾ വയ്ക്കുന്നത് കർശനമായി വിലക്കുന്നു. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾ ക്ലാസ്സ് മുറികളിൽ നിന്നും ഉടൻ പ്രാബല്യത്തിൽ അത്തരം ക്യാമറകൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും, വിവരം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന സ്കൂളുകൾക്കും പ്രിൻസിപ്പൽമാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

ഡയറക്ടർ

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും